156

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# അഭ്ര ഖനികൾ തൊഴിലാളി ക്ഷേമനിധി ആക്‌റ്റ്, 1946

(1946-ലെ 22)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

വില: Rs 0-75

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# അഭ്ര ഖനികൾ തൊഴിലാളി ക്ഷേമനിധി ആക്റ്റ്, 1946

(1946-ലെ 22)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

# അഭ്ര ഖനികൾ തൊഴിലാളി ക്ഷേമ നിധി ആക്റ്റ്, 1946

## (1946-ലെ 22)

അഭ്ര ഖനന വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ധനസഹായം ചെയ്യുന്നതിനുവേണ്ടി ഒരു നിധി ഏർപ്പെടുത്തുന്നതിനുള്ള ആക്റ്റ്.

[1946 ഏപ്രിൽ, 23]

അഭ്ര ഖനന വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കു ധനസഹായം ചെയ്യുന്നതിനുവേണ്ടി ഒരു നിധി ഏർപ്പെടുത്തുന്നത് സമീചീനമായിരിക്കുകയാൽ;

ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന്, അഭ്ര ഖനികൾ തൊഴിലാളി ക്ഷേമനിധി ആക്റ്റ്, 1946 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റൊഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. സെസ്സ് ചുമത്തലും പിരിക്കലും.—(1) കേന്ദ്ര ഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഇതിലേക്ക് നിശ്ചയിക്കുന്ന തീയതി മുതൽ പ്രഭാവത്തോടുകൂടി, ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽനിന്ന് കയററുമതി ചെയ്യുന്ന എല്ലാ അഭ്രത്തിൻമേലും, അത് ഏത് അവസ്ഥയിലുള്ളതായാലും, കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അപ്പോഴപ്പോൾ നിശ്ചയിക്കുന്നതും മൂല്യാനുസാരം ആറേകാൽ ശതമാനത്തിൽ കവിയാത്തതുമായ നിരക്കിൽ ഒരു കസ്റ്റംസ് ഡ്യൂട്ടി ഈ ആക്റ്റിൻെറ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ഒരു സെസ്സ് ആയി ലെവി ചെയ്യുകയും പിരിച്ചെടുക്കുകയും ചെയ്യേണ്ടതാകുന്നു:

എന്നാൽ, 1947 ഏപ്രിൽ 1-ാം ദിവസംവരെ അപ്രകാരം നിജപ്പെടുത്തുന്ന ഡ്യൂട്ടിനിരക്ക് മൂല്യാനുസാരം രണ്ടര ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല.

(2) ഓരോ മാസത്തിൻേറയും അവസാന ദിവസത്തിലോ, അല്ലെങ്കിൽ അതിനുശേഷം സൗകര്യമുള്ളത്ര വേഗത്തിലോ, ആ മാസത്തിൽ വസൂലാക്കിയ കസ്റ്റംസ് ഡ്യൂട്ടിയുടെ വരവ്, പിരിവിനും വസൂലാക്കലിനും ചെലവുകൾ വല്ലതും ഉണ്ടെങ്കിൽ അത് കിഴിവ് ചെയ്തതിനുശേഷം (ഇതിൽ ഇതിനുശേഷം നിധി എന്നു പരാമർശിക്കപ്പെടുന്ന) അഭ്ര ഖനികൾ തൊഴിലാളി ക്ഷേമനിധി എന്നു പേർ പറയേണ്ട ഒരു നിധിയിൽ വരവുവയ്ക്കാനായി കൊടുക്കേണ്ടതാകുന്നു.

3. അഭ്ര ഖനികരം തൊഴിലാളി ക്ഷേമനിധി.—(1) നിധി, കേന്ദ്ര ഗവൺമെൻറ് അഭ്ര ഖനന വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെൻറിൻെറ അഭിപ്രായത്തിൽ ആവശ്യകമോ സമീചീനമോ ആയ നടപടികരം സംബന്ധിച്ചുണ്ടാകുന്ന ചെലവുകരം നേരിടുന്നതിന് വിനിയോഗിക്കേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻെറ സാമാന്യതയ്ക്കു ഭംഗംവരാതെ, നിധി—

(ക) അഭ്ര ഖനന വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ഗുണത്തിനായുള്ളതും—

(i) പൊതുജനാരോഗ്യവും ശുചീകരണവും മെച്ചപ്പെടുത്തുന്നതിനേയും, രോഗനിവാരണത്തേയും ചികിൽസീയ സൗകര്യങ്ങരം ഏർപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനേയും,

(ii) വെള്ളം നല്കാനുള്ള ഏർപ്പാടുകളും കഴുകൽ സൗകര്യങ്ങളും ഏർപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനേയും,

(iii) വിദ്യാഭ്യാസ സൗകര്യങ്ങരം ഏർപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനേയും,

(iv) പാർപ്പിടം ഏർപ്പെടുത്തലും ആഹാരപോഷണവും ഉരംപ്പെടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനേയും സാമൂഹ്യ സ്ഥിതികരം നന്നാക്കുന്നതിനേയും വിനോദ സൗകര്യങ്ങരം ഏർപ്പെടുത്തുന്നതിനേയും,

(v) പ്രവൃത്തിസ്ഥലത്തേക്കും അവിടെനിന്നും ഉള്ള പരിവഹണം ഏർപ്പെടുത്തുന്നതിനേയും,

ലക്ഷ്യമാക്കിയുള്ളതുമായ നടപടികളുടെ ചെലവും;

(ഖ) നിധി ഉപയോഗപ്പെടുത്താവുന്ന ഏതെങ്കിലും ആവശ്യത്തിനുവേണ്ടി കേന്ദ്ര ഗവൺമെൻറ് അംഗീകരിക്കുന്ന ഏതെങ്കിലും പദ്ധതിയുടെ ധനസഹായത്തിന് ഒരു സ്റേററ് ഗവൺമെൻറിനോ തദ്ദേശാധികാരസ്ഥാനത്തിനോ അല്ലെങ്കിൽ ഒരു അഭ്ര ഖനിയുടെ ഉടമസ്ഥനോ, ഏജൻറിനോ മാനേജർക്കോ ഉള്ള ഗ്രാൻറും;

(ഗ) 4-ാം വകുപ്പിൻ കീഴിൽ ഏർപ്പെടുത്തുന്ന ഉപദേശകക്കമ്മിററികളിലെ അംഗങ്ങളുടെ ബത്തകരം വല്ലതും ഉണ്ടെങ്കിൽ, അതും, 5-ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻമാരുടെ ശമ്പളങ്ങളും ബത്തകളും വല്ലതും ഉണ്ടെങ്കിൽ അതും, ഉരംപ്പെടെ നിധിയുടെ ഭരണം നടത്തുന്നതിനുള്ള ചെലവും;

(ഘ) നിധിയിൽനിന്ന് കൊടുത്തു തീർക്കേണ്ടതായി കേന്ദ്ര ഗവൺമെൻറ് നിദേശിക്കുന്ന മറേറതെങ്കിലും ചെലവും;

കൊടുത്തുതീർക്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

(3) ഏതെങ്കിലും പ്രത്യേക ചെലവ് നിധിയിൽ ചെലവെഴുതേണ്ടതാണോ അല്ലയോ എന്ന് തീരുമാനിക്കുന്നതിന് കേന്ദ്ര ഗവൺമെൻറിന് അധികാരം ഉണ്ടായിരിക്കുന്നതും, അതിൻെറ തീരുമാനം അന്തിമമായിരിക്കുന്നതും ആണ്.

(4) കേന്ദ്ര ഗവൺമെൻറ് നിധിയിൽനിന്ന് ധനസഹായം ചെയ്യുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് നിധിയുടെ ആയവ്യയ അടങ്കലും കണക്കുകളുടെ ഒരു സ്റേറററ്മെൻറ് സഹിതം വർഷംതോറും ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

4. ഉപദേശകക്കമ്മിററികഠം.—(1) കേന്ദ്ര ഗവൺമെൻറ്, ഈ ആക്ററിൻേറയോ നിധിയുടേയോ ഭരണത്തിൽനിന്ന് ഉദ്ഭവിക്കുന്ന ഏതെങ്കിലും വിഷയങ്ങളിൻമേൽ കേന്ദ്ര ഗവൺമെൻറിനെ ഉപദേശിക്കുന്നതിന്, അതിനു യുക്തമെന്നു തോന്നുന്നത്ര, എന്നാൽ, ഓരോ സ്റേറററിനും ഒന്നിൽ കവിയാതെ, ഉപദേശകക്കമ്മിററികഠം ഏർപ്പെടുത്തേണ്ടതാകുന്നു.

(2) ഉപദേശകക്കമ്മിററിയിലെ അംഗങ്ങഠം, കേന്ദ്ര ഗവൺമെൻറിനാൽ നിയമിക്കപ്പെടേണ്ടതും, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടുന്നത്ര പേരുണ്ടായിരിക്കേണ്ടതും, അങ്ങനെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വരണം ചെയ്യപ്പെടേണ്ടതും ആകുന്നു:

എന്നാൽ, ഓരോ കമ്മിററിയിലും അഭ്ര ഖനി ഉടമസ്ഥൻമാരേയും, അഭ്ര ഖനന വ്യവസായത്തിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളേയും പ്രതിനിധാനം ചെയ്യുന്ന തുല്യസംഖ്യയുളള അംഗങ്ങഠം ഉഠംപ്പെട്ടിരിക്കേണ്ടതും, ഓരോ കമ്മിററിയിലേയും ഒരംഗമെങ്കിലും സ്ത്രീയായിരിക്കേണ്ടതും, ഓരോ കമ്മിററിയിലേയും ഒരംഗമെങ്കിലും ബന്ധപ്പെട്ട സ്റേററ് നിയമസഭയിലെ അംഗമായിരിക്കേണ്ടതും ആണ്.

(3) ഓരോ ഉപദേശകക്കമ്മിററിയുടേയും ചെയർമാൻ കേന്ദ്ര ഗവൺമെൻറിനാൽ നിയമിക്കപ്പെടേണ്ടതാകുന്നു.

(4) ഉപദേശകക്കമ്മിററിയിലെ എല്ലാ അംഗങ്ങളുടേയും പേരുകഠം, കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

(5) ഉദ്യോഗസ്ഥൻമാരുടെ നിയമനവും അധികാരങ്ങളും.—(1) കേന്ദ്ര ഗവൺമെൻറിന് നിധിയുടെ ഭരണം നടത്തുന്നതിനോ അല്ലെങ്കിൽ നിധിയിൽ നിന്ന് ധനസഹായം നല്കുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനോ അവ നടപ്പാക്കുന്നതിനോ വേണ്ടി ഇൻസ്പെക്ററർമാരേയും, ക്ഷേമ അഡ്മിനിസ്ട്രേററർമാരേയും ആവശ്യകമെന്നു കരുതുന്ന മററു ഉദ്യോഗസ്ഥൻമാരേയും നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ഏതൊരു ഉദ്യോഗസ്ഥനും, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ XLV) 21-ാം വകുപ്പിൻെറ അർത്ഥത്തിൽ, പബ്ലിക് സർവൻറായി കരുതപ്പെടുന്നതാകുന്നു.

(3) ഏതെങ്കിലും ഇൻസ്പെക്ററർക്കോ, ക്ഷേമ അഡ്മിനിസ്ട്രേററർക്കോ—

(ക) യുക്തമെന്നു തോന്നുന്ന സഹായം, വല്ലതും വേണമെങ്കിൽ, അതോടുകൂടി നിധിയിൽനിന്ന് ധനസഹായം നല്കുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനോ അവ നടപ്പാക്കുന്നതിനോ വേണ്ടി പ്രവേശിക്കുന്നതു ആവശ്യകമാണെന്ന് പരിഗണിക്കുന്ന ഏതു സ്ഥലത്തും ന്യായമായ ഏതു സമയത്തും പ്രവേശിക്കുകയും;

(ഖ) തന്റെ കർത്തവ്യങ്ങളുടെ ശരിയായ നിർവഹണത്തിന് ആവശ്യകമായ എന്തെങ്കിലും അങ്ങനെയുള്ള സ്ഥലത്തിനുള്ളിൽ ചെയ്യുകയും,

ചെയ്യാവുന്നതാണ്.

6. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്ര ഗവൺമെൻറിന് ഈ ആക്ററിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ഭംഗം വരാതെ, അങ്ങനെയുള്ള ചട്ടങ്ങൾക്ക്—

(ക) 2-ാം വകുപ്പ് (1)-ാം ഉപവകുപ്പുവഴി ചുമത്തുന്ന കസ്ററംസ് ഡ്യൂട്ടിയുടെ റീ ഫണ്ട് നല്കലിനും ഇളവുകൾക്കും വസൂലാക്കലുകൾക്കും;

(ഖ) 4-ാം വകുപ്പിൻകീഴിൽ ഏർപ്പെടുത്തുന്ന ഉപദേശകക്കമ്മിററികൾ ആരെല്ലാമടങ്ങിയതായിരിക്കണമെന്നതിന്നും, അതിന്റെ അംഗങ്ങൾ വരണം ചെയ്യപ്പെടേണ്ട രീതിക്കും, അങ്ങനെയുള്ള അംഗങ്ങളുടെ ഉദ്യോഗ കാലാവധിക്കും, അവർക്ക് ബത്തകൾ വല്ലതും കൊടുക്കാനുണ്ടെങ്കിൽ അതിന്നും, ഉപദേശകക്കമ്മിററികൾ അവയുടെ ബിസിനസ്സ് നടത്തേണ്ട രീതിക്കും;

(ഗ) 3-ാംവകുപ്പ് (2)-ാം ഉപവകുപ്പു (ഖ) ഖണ്ഡത്തിൻകീഴിലെ നിധിയിൽ നിന്നുള്ള പണത്തിന്റെ ഗ്രാൻറിനെ നിയന്ത്രിക്കുന്ന ഉപാധികൾക്കും;

(ഘ) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ പരാമർശിച്ച അടങ്കലിന്റേയും സ്റേറററ്മെൻറിന്റേയും ഫാറത്തിനും;

(ങ) 5-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥൻമാരുടേയും സേവന വ്യവസ്ഥകൾക്കും കർത്തവ്യങ്ങൾക്കും;

(ച) അഭ്ര ഖനികളുടെ ഉടമസ്ഥൻമാരോ ഏജൻറുമാരോ മാനേജർമാരോ സ്ഥിതിവിവരക്കണക്കുകൾ, അല്ലെങ്കിൽ മററു വിവരങ്ങൾ നല്കുന്നതിനും, ഈ ഖണ്ഡത്തിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടം ആവശ്യപ്പെടുന്നതനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നതിന് പിഴശിക്ഷ നല്കി ശിക്ഷിക്കുന്നതിനും;

വ്യവസ്ഥ ചെയ്യാവുന്നതാണ്.